## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2384** **17.08.2017-ന് മറുപടിയ്ക്ക്**

## വന സംരക്ഷണ പദ്ധതികൾ

**ചോദ്യം** **മറുപടി**

**ശ്രീ. സി. ദിവാകരൻ**

**ശ്രീ. കെ. രാജു**
**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന സംരക്ഷണത്തിനും പരിപാലത്തിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>• വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കൈയ്യേറ്റത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നു.<br>• വനപരിപാലനവും വന സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ, വന സംരക്ഷണത്തിനായി വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.<br>• കാട്ടുതീ പ്രതിരോധപ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.<br>• പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും, ചോലവനങ്ങളുടെയും, തണ്ണീർത്തടങ്ങളുടെയും, കണ്ടൽക്കാടുകളുടെയും, മറ്റ് സ്വാഭാവിക വനങ്ങളുടെയും, ശോഷിച്ച വനങ്ങളുടെയും വനവല്ക്കരണവും സംരക്ഷണവും നടപ്പാക്കുന്നു.<br>• വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ്വ് എന്നീ മേഖലകളിലെ വന സംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം, എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>• വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തോടെ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള 400 വന സംരക്ഷണ സമിതികളിലെയും 190 ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളിലേയും ഉദ്ദേശം 75,000 വനാശ്രിത കുടുംബങ്ങൾ വനസംരക്ഷണ പരിപാടികളിൽ പങ്കാളികൾ ആകുകയും അതുവഴി അവരുടെ ജീവനോപാതി വർദ്ധിക്കുകയും ചെയ്തുവരുന്നു.<br>• ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ |

| | | | |
|---|---|---|---|
| | | | വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.<br>• വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉല്പ്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ വഴിയോരതണൽ പദ്ധതിയും, വനദീപ്തി പദ്ധതിയും, കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും, സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോൽസാഹനം, ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.<br>• 60 ഇക്കോ ടൂറിസം സെന്ററുകളും, രണ്ട് മൊബൈൽ യൂണിറ്റ് ഉൾപ്പെടെ 37 വനശ്രീ യൂണിറ്റുകൾ വനാശ്രിത ആദിവാസി സമൂഹം ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ വിതരണം ചെയ്യുന്നതിനായും, പ്രവർത്തിച്ചു വരുന്നു.<br>• നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.<br>• നിലവിലുള്ള തൃശ്ശൂർ മൃഗശാല ഉദ്ദേശം 300 കോടി രൂപ ചെലവിൽ കിഫ്ബി സഹായത്തോടെ പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുനനതിനുള്ള നടപടി പുരോഗമിക്കുന്നു.<br>• കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി (കിഫ്ബി) മനുഷ്യ-വന്യജീവി സംഘർഷം കുറക്കുന്നതിനായി 100 കോടി രൂപയുടെ പദ്ധതിയും, കോട്ടൂരിൽ ആന പുരനധിവാസ പദ്ധതിയ്ക്കായി 105 കോടി രൂപയുടെ പദ്ധതിയും, ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പുനലൂർ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ കീഴിൽ രണ്ട് ഇക്കോ കോംപ്ലക്സുകൾ നിർമ്മിക്കുന്ന പദ്ധതിയും, കുളത്തൂപ്പുഴയിൽ ഒരു വനം മ്യൂസിയം നിർമ്മിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• വന്യജീവി സംഘർഷം രൂക്ഷമായ പഞ്ചായത്ത്-മുൻസിപ്പാലിറ്റി തലത്തിൽ അവ ലഘൂകരിക്കുന്നതിന് തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 204 ജനജാഗ്രതാ സമിതികൾ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**